# "സ്നേഹവും പരസ്പര വിശ്വാസവും കാത്തു സൂക്ഷിക്കുവാൻ ഓരോ കുടുംബങ്ങൾക്കും വ്യക്തികൾക്കും കഴിയുമ്പോഴാണ് സമൂഹത്തിന് കരുത്ത് ഉണ്ടാകുന്നത്." ശ്രീ രമേശ് ചെന്നിത്തല

നാം എല്ലാവരും ഒരു മത്സരത്തിന്റെ ലോകത്താണ് ജീവിക്കുന്നതെങ്കിലും ആ സ്നേഹവും പരസ്പര വിശ്വാസവും കാത്തു സൂക്ഷിക്കുവാൻ ഓരോ കുടുംബങ്ങൾക്കും വ്യക്തികൾക്കും കഴിയുമ്പോഴാണ് സമൂഹത്തിന് കരുത്ത് ഉണ്ടാകുന്നത്.  എന്ന് ബഹുമാനപ്പെട്ട കേരള സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ രമേശ് ചെന്നിത്തല ആഹ്വാനം ചെയ്തു.

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ 2015ലെ ആദ്യഫലപ്പെരുന്നാൾ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സർവ്വശക്തനായ ദൈവം നാം എല്ലാവരേയും തമ്മിൽ പരസ്പരം സ്നേഹത്തിന്റെ ചരട് കൊണ്ട് കോർത്തിണക്കിയിരിക്കുകയാണ്. സ്നേഹത്തേക്കാൾ വലുതായി മറ്റൊന്നും ഈ ലോകത്തിൽ ഇല്ല എന്ന്  വിശ്വസിക്കാൻ നമുക്കോരോരുത്തർക്കും സാധിക്കണം. നമ്മൾ എല്ലാവരും ഈ ഭൂമിയിൽ ജനിച്ചത് പരസ്പരം സനേഹിക്കുവാനും പരസ്പരം യോജിച്ചും സൗഹാർദ്ദത്തിലുമൊക്കെ വർത്തിക്കാനും വേണ്ടിയാണ്. അവിടെ കാലുഷ്യത്തിന് സ്ഥാനമില്ല. പരിശുദ്ധ കാതോലിക്കാബാവായുടെ ആത്മീക നേതൃത്വത്തിന്റെ കീഴിൽ കേരളത്തിന്റെ ജനങ്ങൾക്ക് വെളിച്ചം നൽകാനും പ്രകാശം പകരാനും അവരെ ജീവിതവെളിച്ചത്തിലേക്ക് എത്തിച്ചേർക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നത് ഏറ്റവും സന്തോഷപരമായ കാര്യമാണ്. മരുഭൂമിയിലെ പരുമലയായ ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക നടത്തുന്ന എല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളേയും അദ്ദേഹം അനുമോദിച്ചു. ഇടവക വികാരി ഫാദർ യാക്കോബ് ബേബി അദ്ധ്യക്ഷത വഹിച്ചു. സഹവികാരി ഫാദർ അജി കെ ചാക്കോ. ഇടവക ഭാരവാഹികളായ ശ്രീ വർഗീസ് ജോർജ്ജ് ശ്രീ. പൗലോസ് മാത്യു, ഭദ്രാസന കൗൺസിൽ അംഗം ശ്രീ കെ.ജി.നൈനാൻ, ജോയിന്റ് കൺവീനർമാരായ ശ്രീ. ബിനു മാത്യു ശ്രീ. സാബു കെ ഉമ്മൻ എന്നിവർ സന്നിഹിതരായിരുന്നു.

 